LIBRARY ARCHIVES Kerala Legislative Assembly

പരിശോധിക്കുന്നതിന് ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തും. എല്ലാ നടപടിക്രമങ്ങളും സ്വീകരിക്കും. ഇപ്പോൾ ചെയ്ത കാര്യങ്ങൾമാത്രം പോരാ, കുറെക്കൂടി ശ്രദ്ധ ചെലുത്തുമെന്ന് ഉറപ്പ് നൽകുന്നു. ആശുപത്രിയിലെ മറ്റ് ചില കാര്യങ്ങൾ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞിട്ടുണ്ട്. അതും പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കും. തുടർച്ചയായി നല്ല മഴ പെയ്തുവെന്ന് കേട്ടപ്പോൾ ആശ്വാസമുണ്ട്. അതുവഴി ഈ രോഗം പരത്തുന്ന സോഴ്സാകെ വാഷൗട്ട് ചെയ്താൽ പനി കുറയും. എന്നാൽ ഒറ്റ മഴ പെയ്ത് നിന്നാൽ ഉള്ളതിനേക്കാളും വലിയ അപകടത്തിലേയ്ക്ക് നീങ്ങും. ഇന്നലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ വീഡിയോ കോൺഫറൻസ് നടത്തിയിരുന്നു. കളക്ടർ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് എന്നിവരോടെല്ലാം റിപ്പോർട്ട് ചെയ്യാൻ ആവശ്യപ്പെട്ടിട്ടുണ്ട്. അവരൊക്കെ കാര്യങ്ങൾ റിപ്പോർട്ട് ചെയ്യുന്നുണ്ട്. പൂഞ്ഞാറിലെ കാര്യം പ്രത്യേകം ശ്രദ്ധിക്കുന്നതിന് ഗവൺമെന്റ് ഇന്നുതന്നെ നിർദ്ദേശം നൽകുന്നതാണ്.

## (9) ടൂറിസം ഡെവലപ്മെന്റ് അതോറിറ്റി

ശ്രീ. എം. വിൻസെന്റ്: സർ, കേരളത്തിലെ, ആദ്യത്തെ ടൂറിസം ഡെസ്റ്റിനേഷനായ കോവളം അന്താരാഷ്ട്ര ഭൂപടത്തിൽ സ്ഥാനംപിടിച്ചിട്ട് 45 വർഷത്തിലേറെയായി. അവിടെ 6 മാസം ടൂറിസം സീസണുണ്ടായിരുന്നത് ഇപ്പോൾ രണ്ട്-രണ്ടര മാസമായി ചുരുങ്ങിയിരിക്കുകയാണ്. അവിടത്തെ അത്യാകർഷണമായ ശക്തികുറഞ്ഞ തിരകളും സൂര്യൻ ഉദിക്കുന്നതുമുതൽ വൈകുന്നേരം 5 മണി വരെ സൺബാത്തിനുള്ള സൗകര്യവുമൊക്കെ ലോകത്തെമ്പാടുമുള്ള ടൂറിസ്റ്റുകളെ വളരെയധികം ആകർഷിക്കുന്നതാണ്. എന്നാൽ ഇന്ന് ശുചിത്വമില്ലായ്മ കാരണം അവിടേയ്ക്ക് ടൂറിസ്റ്റുകൾ വരുന്നത് കുറയുകയാണ്. മാത്രമല്ല, ഡ്രെയിനേജ് സൗകര്യമില്ലാത്ത ഗുരുതരമായ ഒരു സാഹചര്യവും നിലവിലുണ്ട്. രാത്രിയിൽ തെരുവുവിളക്കുകൾ കത്താറില്ല, നല്ല റോഡുകളില്ല, പാർക്കിംഗ് സൗകര്യമില്ല. ആകെ ടൂറിസം പ്രത്യേകതകളെ നശിപ്പിക്കുന്ന അന്തരീക്ഷമാണ് അവിടെ നിലനിൽക്കുന്നത്. ലോകത്തെല്ലായിടത്തും ഒരു മോഡൽ ടൂറിസം ഡെസ്റ്റിനേഷനുണ്ട്. കേരളത്തിൽ അങ്ങനെയൊരു മോഡൽ ടൂറിസം ഡെസ്റ്റിനേഷനില്ല. കോവളത്തെ അങ്ങനെയൊരു മോഡൽ ടൂറിസം ഡെസ്റ്റിനേഷനാക്കി മാറ്റണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. അതോടൊപ്പം സമീപ പ്രദേശങ്ങളായ ചൊവ്വര, പൂവ്വാർ, പൊഴിക്കര, വെള്ളായണി തുടങ്ങിയ സ്ഥലങ്ങളിലെ ടൂറിസം സാധ്യതകൾകൂടി പ്രയോജനപ്പെടുത്തേണ്ടതുണ്ട്. ഇതിനെക്കുറിച്ച് വിദേശികൾക്കും ആഭ്യന്തര ടൂറിസ്റ്റുകൾക്കും കൂടുതൽ പരിചയപ്പെടുത്തുന്നതിനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തണം. നിരന്തരമായ മേൽനോട്ടം അവിടെ ആവശ്യമാണ്. ശുദ്ധമായ വെള്ളം ലഭ്യമാക്കുന്നതിനും ശുചിത്വം ഉറപ്പുവരുത്തുന്നതിനും തെരുവുനായ്ക്കളുടെ

LIBRARY ARCHIVES Kerala Legislative Assembly

ശല്യം ഒഴിവാക്കുന്നതിനും ഡ്രെയിനേജ് സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും അനധികൃതമായി നടക്കുന്ന നിർമ്മാണപ്രവർത്തനങ്ങൾ നിരുത്സാഹപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കണം. നമ്മുടെ നാടിന്റെ തനതായ കലാരൂപങ്ങൾ, പരമ്പരാഗത തൊഴിൽ സംരംഭങ്ങൾ എന്നിവയെല്ലാം വിദേശികളെ വളരെ ആകർഷിക്കുന്നതാണ്. അവിടെ നേരത്തെ ഉണ്ടായിരുന്ന കേരള കലാഗ്രാമം ഇന്ന് പാർക്കിംഗ് ഏരിയയായി മാറ്റിയിരിക്കുകയാണ്. രാഷ്ട്രീയക്കാരെ കുത്തിനിറയ്ക്കാതെ ഇതിനെക്കുറിച്ച് കാഴ്ചപ്പാടുള്ള വ്യക്തികളെ ഉൾപ്പെടുത്തി കോവളം ടൂറിസം ഡെവലപ്മെന്റ് അതോറിറ്റി രൂപീകരിക്കണമെന്നാണ് എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോട് പറയാനുള്ളത്.

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, ബഹുമാനപ്പെട്ട എം.എൽ.എ. കോവളത്തെക്കുറിച്ച് പറഞ്ഞ കാര്യങ്ങൾ കുറെയേറെ ശരിയാണ്. കോവളം അന്താരാഷ്ട്ര പ്രാധാന്യമുള്ള ഒരു ടൂറിസം കേന്ദ്രം തന്നെയാണ്. ഇതിന്റെ നിലവാരം അന്താരാഷ്ട്രതലത്തിൽ ഉയർത്തുന്നതിനുള്ള ഭൗതിക സാഹചര്യവും അടിസ്ഥാനസൗകര്യവും ഏർപ്പെടുത്തുന്നതിനുള്ള ശ്രദ്ധയും പ്രാധാന്യവും കഴിഞ്ഞകാലത്തും ഗവൺമെന്റ് നൽകിയിട്ടുണ്ട്. പക്ഷെ അത് കോവളത്തിന്റെ സാധ്യതയ്ക്കനുസരിച്ച് ഉയർന്നുവന്നിട്ടില്ല. ഇനിയും വളരെ ശ്രദ്ധയോടുകൂടി സാധ്യതകൾ ഉപയോഗപ്പെടുത്തേണ്ടതായിട്ടുണ്ട്. ഇപ്പോൾത്തന്നെ ഓരോ ടൂറിസ്റ്റ് കേന്ദ്രത്തിന്റെയും പ്രാധാന്യത്തിനനുസരിച്ച് വേണ്ട സൗകര്യങ്ങളും പരിരക്ഷയും ഏർപ്പെടുത്തുന്നതിനായി ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ, ഡെസ്റ്റിനേഷൻ മാനേജ്മെന്റ് കൗൺസിൽ എന്നിവയ്ക്ക് പുറമേ ഗ്രീൻ കാർപ്പെറ്റ് പദ്ധതിപ്രകാരം പ്രത്യേക ഡെസ്റ്റിനേഷൻ മാനേജർമാരെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. യഥാർത്ഥത്തിൽ നമുക്കൊരു അതോറിറ്റി ഇല്ലാത്തതുകൊണ്ടല്ല. അങ്ങ് ചൂണ്ടിക്കാണിച്ചതുപോലെ ഒരു മോണിറ്ററിംഗ് സംവിധാനം ഫലപ്രദമായി വരാത്തതിന്റെ ഭാഗമായുള്ള ദുരിതങ്ങൾ പരിഹരിക്കാനുള്ള പരിശ്രമം ഗവൺമെന്റ് നടത്തുന്നുണ്ട്. ഇപ്പോൾ ഒരു ഡെസ്റ്റിനേഷൻ മാനേജ്മെന്റ് കമ്മിറ്റി എം.എൽ.എ.-യുടെ നേതൃത്വത്തിൽ രൂപീകരിക്കാൻ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്. അദ്ദേഹത്തിന് ആ കമ്മിറ്റിയുടെ മേൽനോട്ടം വഹിച്ചുകൊണ്ട് കോവളത്തിന്റെ വികസന പ്രവർത്തനങ്ങളിൽ കാര്യമായി ശ്രദ്ധിക്കാൻ സാധിക്കും. കോവളത്തിന്റെ വിവിധ പ്രശ്നങ്ങൾ ചർച്ച ചെയ്യാൻ ഗവൺമെന്റ് ഒരു യോഗം വിളിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. ഈ നിയമസഭാ സമ്മേളനം കഴിഞ്ഞാലുടൻ ഒരു പ്രത്യേക യോഗം ചേരുന്നതാണ്. ഇപ്പോൾ ലൈറ്റിന്റെ പ്രശ്നം പരിഹരിക്കാൻ ഒന്നേകാൽ കോടി രൂപയുടെ ഭരണാനുമതി നൽകി, കെൽട്രോൺ അതിന്റെ പ്രവൃത്തി ഏറ്റെടുത്തിട്ടുണ്ട്. അത് ഉടൻതന്നെ ആരംഭിക്കും. ശുദ്ധജല ദൗർലഭ്യം, മാലിന്യ സംസ്കരണം, പാർക്കിംഗ്

സംവിധാനം ഈ പ്രശ്നങ്ങളൊക്കെ അദ്ദേഹം പറഞ്ഞത് ശരിയാണ്. ഇക്കാര്യങ്ങളെല്ലാം വളരെവേഗം ചർച്ചചെയ്ത് പരിഹരിച്ച് കോവളത്തിന്റെ പ്രൗഢിയും മനോഹാരിതയും കൂടുതൽ മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനത്തിന് ഗവൺമെന്റ് രൂപം നൽകുന്നതാണ്. കോവളത്തേയ്ക്ക് സഞ്ചാരികളെ ആകർഷിക്കുന്നതിൽ പ്രശ്നം ഉണ്ടായിട്ടുണ്ടെന്നുള്ളത് ശരിയാണ്. ഏതാണ്ട് ആറ് മാസം മുമ്പുവരെ ധാരാളം സഞ്ചാരികൾ എത്തിക്കൊണ്ടിരുന്ന കോവളത്ത് ഇപ്പോൾ എണ്ണത്തിൽ കുറവുണ്ടായിരിക്കുകയാണ്. അതിന്റെ കാരണം അദ്ദേഹത്തിനറിയാം. നമ്മുടെ മദ്യനയം അക്കാര്യത്തിൽ ഒരു പ്രധാന പ്രശ്നമാണ്. അതെല്ലാം എങ്ങനെ പരിഹരിക്കാൻ കഴിയുമെന്ന് ചർച്ചയിലൂടെ തീരുമാനിക്കണം. മറ്റ് അടിസ്ഥാന സൗകര്യവികസനത്തിനുള്ള കാര്യങ്ങൾ ഗവൺമെന്റ് യോഗം വിളിച്ച് നിർവ്വഹിക്കുന്നതിന് ശ്രമിക്കുന്നതാണ്.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

## (10) സ്പോട്ട് അഡ്മിഷൻ

ശ്രീ. സി. കെ. ശശീന്ദ്രൻ : സർ, വയനാട് ജില്ലയിൽ അരിവാൾ രോഗികളായ വിദ്യാർത്ഥികൾക്കും ആദിവാസി വിദ്യാർത്ഥികൾക്കും പ്ലസ് വൺ-ന് അവരുടെ വീടിനടുത്തുള്ള വിദ്യാലയങ്ങളിൽ സ്പോട്ട് അഡ്മിഷൻ അനുവദിക്കണമെന്നാണ് സബ്മിഷനിലൂടെ ഉന്നയിക്കുന്നത്. അരിവാൾ രോഗം ഒരു ജനിതക രോഗമായതിനാൽ എപ്പോഴാണ് രോഗം വരുന്നതെന്ന് പറയാൻ കഴിയില്ല, ചികിത്സിച്ച് ഭേദമാക്കാൻ കഴിയാത്ത ഒന്നാണ്. വീടിനടുത്തുള്ള സ്കൂളുകളിൽ മാത്രമേ അവർക്ക് പഠിക്കാൻ കഴിയൂ. അരിവാൾ രോഗികളായ വിദ്യാർത്ഥികൾക്ക് പ്രത്യേകം ധനസഹായം നൽകുന്ന കാര്യത്തെപ്പറ്റി ഗവൺമെന്റ് ആലോചിക്കണം. ആദിവാസി വിദ്യാർത്ഥികൾക്കിടയിൽ കൊഴിഞ്ഞുപോകുന്നവരുടെ എണ്ണം വളരെ കൂടുതലാണ്. പത്താം ക്ലാസ് കഴിഞ്ഞ് പ്ലസ് വൺ-ന് ദൂരെയുള്ള വിദ്യാലയങ്ങളിൽ അഡ്മിഷൻ കിട്ടുമ്പോൾ പോകാൻ പലപ്പോഴും വിമുഖത പ്രകടിപ്പിക്കുകയാണ്. അതുകൊണ്ട് വീടിനടുത്തുള്ള സ്കൂളുകളിൽ ഈ രണ്ട് വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾക്കും പ്ലസ് വൺ-ന് അഡ്മിഷൻ കിട്ടാനുള്ള പ്രത്യേക നടപടി സ്വീകരിക്കണം. നിരവധി എം.ആർ.എസ്.-കൾ വയനാട്ടിലുണ്ട്. അവിടെയെല്ലാം നല്ല വിജയമാണ് ഇപ്രാവശ്യം ഉണ്ടായിട്ടുള്ളത്. എം.ആർ.എസ്.-ൽ പ്ലസ് ടു സൗകര്യമില്ലാത്ത വിദ്യാലയങ്ങളിൽ പ്ലസ് ടു കൂടി ഉൾപ്പെടുത്തണമെന്ന് ഗവൺമന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, സംസ്ഥാനത്തെ ഹയർ സെക്കന്ററി സ്കൂളുകളിലെ പ്ലസ് വൺ പ്രവേശനം ലളിതവും സുതാര്യവും സാമൂഹികനീതി ഉറപ്പാക്കുന്നതിനുമായി കഴിഞ്ഞ ഒൻപത് വർഷമായി

LIBRARY ARCHIVES Kerala Legislative Assembly